**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1237** **18-09-2025 - ൽ മറുപടിയ്ക്ക്**

**നെടുമ്പന സ്റ്റേഡിയം നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ശ്രീ. വി. അബ്ദുറഹിമാൻ**<br>**(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ നിന്നും തുക അനുവദിച്ചിട്ടുള്ളതും സ്പോർട്സ് കേരള ഫൗണ്ടേഷൻ നിർവ്വഹണ ചുമതല ഏറ്റെടുത്തിട്ടുള്ളതുമായ നെടുമ്പന സ്റ്റേഡിIHRDയത്തിന്റെ നിർമ്മാണപ്രവർത്തന പുരോഗതി വിശദമാക്കാമോ? | (എ) | കുണ്ടറ നിയോജക മണ്ഡലത്തിലെ നെടുമ്പന ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് നിർമ്മാണ പ്രവൃത്തിയ്ക്കായി 23.12.2023-ൽ എം. എൽ. എ. എ. ഡി എസ്. പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലാകളക്ടർ 99 ലക്ഷം രൂപയുടെ ഭരണാനുമതി 31.01.2024-ൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ 91.66 ലക്ഷം രൂപയ്ക്ക് (GST ഉൾപ്പെടെ) സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. 05.02.2024, 24.02.2024 എന്നീ തീയതികളിൽ ഇടെണ്ടർ ക്ഷണിച്ചുവെങ്കിലും ആരും തന്നെ ടെൻഡറിൽ പങ്കെടുത്തിരുന്നില്ല. തുടർന്ന് 18.03.2024 ടെൻഡർ സബ്മിഷനുള്ള അവസാന ദിവസം കണക്കാക്കി 09.03.2024 ന് റീടെൻഡർ ക്ഷണിക്കുകയും അതിൽ ഒരാൾ മാത്രം പങ്കെടുക്കുകയും ചെയ്തു.<br><br>16.03.2024 മുതൽ 04.06.2024 വരെ പാർലമെന്റ് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ടം നിലവിൽ വന്നിരുന്നു. അതിനുശേഷമാണ് ടി ദർഘാസ് ടെൻഡർ അക്സപ്റ്റൻസ് കമ്മറ്റിയുടെ അംഗീകാരം ലഭ്യമാക്കി 20.07.2024-ന് സെലക്ഷൻ നോട്ടീസ് നൽകുവാനും തുടർന്ന് കരാറിൽ എർപ്പെടാനും കഴിഞ്ഞത്. ശ്രീ. റെജി എസ്. ആർ. കൊല്ലം എന്ന കരാറുകാരനുമായാണ് 77.41 ലക്ഷം രൂപയ്ക്ക് (GST ഒഴികെ) 29.07.2024-ൽ കരാറിൽ ഏർപ്പെട്ടിട്ടുള്ളത്.<br><br>ടി പദ്ധതിയിൽ പ്രധാനമായും മഡ് ഫുട്ബോൾ കോർട്ട് (58m X 38m), മഡ് ബാഡ്മിന്റൻ കോർട്ട് (13.4m X 6.1m), സ്റ്റെപ്പ് ഗ്യാലറി, ചുറ്റുമതിൽ, ഡ്രെയിനേജ്, ഫെൻസിംഗ്, ഫ്ളെഡ്ലൈറ്റ് പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പ്രവൃത്തിയുടെ നിർമ്മാണ കാലാവധി 6 മാസമാണ്. |

| | | | |
|---|---|---|---|
| | | | കരാറുകാരന് 07.08.2024-ന് നിർമ്മാണത്തിനായി കൈമാറുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. നിലവിലുള്ള സ്റ്റേജ്, ചുറ്റുമതിൽ, ഫെൻസിംഗ് എന്നിവ പൊളിച്ചു നീക്കുന്ന പ്രവൃത്തി മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. പ്രസ്തുത പൊളിച്ചു നീക്കൽ കാരണം പ്രധാന പ്രവൃത്തി തുടങ്ങാൻ കാലതാമസം നേരിട്ടിട്ടുണ്ട്. 25.08.2025-ന് പ്രവൃത്തി പുനരാരംഭിക്കുകയും പ്രവൃത്തി പുരോഗമിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ